ഉത്തരം

(എ) 1984–85–ൽ അഞ്ചു സ്കൂൾ മാനേജുമെന്റിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി), (സി) താഴെ പറയുന്ന സ്കൂളുകളിൽ സ്ഥല പരിശോധനകഴിഞ്ഞ് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

1. മരിയ ഗിരി ഹൈസ്കൂൾ പീരുമേട്.
2. ഫാത്തിമ ഹൈസ്കൂൾ മാമല.

കേരളാ സ്പോർട്സ് കൗൺസിലിനു നൽകിയിട്ടുള്ള സാമ്പത്തിക സഹായം

514 [922] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്പോർട്സ് കൗൺസിലിന് 1980–81, 1981–82, 1982–83, 1983–84, 1984–85 സാമ്പത്തിക വർഷങ്ങളിൽ നൽകിയിട്ടുള്ള സാമ്പത്തികസഹായം എത്ര സംഖ്യ വീതമാണെന്നു വെളിപ്പെടുത്തുമോ;

(ബി) 1985–86 സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി നീക്കിവച്ച സംഖ്യ എത്രയാണ്?

ഉത്തരം

(എ) ഗവൺമെന്റിൽനിന്നും 1980–81 1981–82, 1982–83, 1983–84, 1984–85 സാമ്പത്തിക വർഷങ്ങളിൽ കേരളാ സ്പോർട്സ് കൗൺസിലിനു നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

വർഷം	നോൺ പ്ലാൻ രൂപ	പ്ലാൻ രൂപ
1980–81	13,03,354	60,00,000
1981–82	15,01,000	70,00,000
1982–83	7,50,500	40,00,000
1983–84	12,06,875	70,00,000
1984–85	18,15,000	40,00,000

(ബി) 1985–86 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 22,00,000 രൂപയും പ്ലാൻ ഇനത്തിൽ 75,00,000 രൂപയുമാണ് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളത്.

സ്പോർട്സ് അസോസിയേഷനുകൾ

515 [923] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട എത്ര സ്പോർട്സ് അസോസിയേഷനുകൾ ഈ സംസ്ഥാനത്തുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly